**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 591** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>റിസ്ക് ഫണ്ടിൽനിന്ന് ധനസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ആകെ 331 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ബോർഡിൽ ലഭ്യമായ 331 അപേക്ഷകളിൽ 174 അപേക്ഷകളിലായി 2,64,29,111/-(രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി ഒരുന്നൂറ്റി പതിനൊന്ന്) രൂപ ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. ബാക്കിനില്പുള്ള 157 അപേക്ഷകളിൽ 38 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, 37 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും, ബാക്കിയുള്ള 82 പുതിയ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാനുള്ളവയുമാണ്. അവ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഫയൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**